**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4** **23-08-2022 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br><br>സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിനും യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ഇതിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്.<br><br>കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.<br><br>എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജീവനക്കാരുടെ അറിവും കഴിവുകളും വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിനും ഇതിലൂടെ കഴിയുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ ഉപയോഗപ്പെടുത്തി സിവിൽ സർവ്വീസ് നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെയും മറ്റും പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>വിവിധ വകുപ്പുകൾ നൽകുന്ന സേവനം " ഇ-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും "എം- സേവനം" എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നുണ്ട്.<br><br>ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ജീവനക്കാരുടെ ജോലിഭാരത്തിന് അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഈ സർക്കാർ സ്വീകരിച്ച നടപടി എത്രത്തോളം ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടെന്ന പരിശോധന | (ബി) | സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും |

| | |
|---|---|
| നടത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള സത്വര നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br><br>സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി. സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിനും യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ഇതിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്.<br><br>കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.<br><br>എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. ജീവനക്കാരുടെ അറിവും കഴിവുകളും വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിനും ഇതിലൂടെ കഴിയുന്നുണ്ട്.<br><br>ശാസ്ത്ര സാങ്കേതിക രംഗത്തെ നൂനത സാധ്യതകൾ ഉപയോഗപ്പെടുത്തി സിവിൽ സർവ്വീസ് നവീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളുടെയും മറ്റും പ്രവർത്തനം ഡിജിറ്റൽവൽക്കരിക്കുന്നതിന് നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br><br>വിവിധ വകുപ്പുകൾ നൽകുന്ന സേവനം " ഇ-സേവനം" എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും "എം- സേവനം" എന്ന |

| | | | |
|---|---|---|---|
| | | | മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് പ്രസ്തുത സംവിധാനം ഉപയോഗപ്രദമാകുന്നു. അപേക്ഷയിൽ തീരുമാനം എടുക്കുന്നതിലുണ്ടായിരുന്ന കാലവിളംബം ഇല്ലാതാക്കാനും ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി ഇല്ലാതാക്കുന്നതിനും ഈ ഓൺലൈൻ സംവിധാനങ്ങൾ വലിയ അളവിൽ പ്രയോജനപ്പെടുന്നുണ്ട്.<br><br>ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ജീവനക്കാരുടെ ജോലിഭാരത്തിന് അനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ